For Private Circulation Only

February 2019

ആഗമനമുണർവ്

Vol.66

No.2

" നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേറ്റിൽ നിന്നും അവൻ എന്നെ കയറ്റി" (സങ്കീ. 40:2)

വിശ്വാസ വഴിയിലെ ദുർഘട സ്ഥലങ്ങൾ

By A.B.Simpson

" നീന്തുവാൻ കഴിയുന്നവർ ആദ്യം ചാടി കരയ്ക്കുപറ്റുവാനും ശേഷമുള്ളവർ പലകമേലും കപ്പലിന്റെ ഖണ്ഡങ്ങളുടെ മേലുമായി എത്തുവാനും കല്പിച്ചു. ഇങ്ങനെ എല്ലാവരും കരയിൽ എത്തി രക്ഷപ്പെടുവാൻ സംഗതി വന്നു" (അപ്പോ. 27:44).

ഇവിടെ അപ്പോസ്തലനായ പൗലൊസിന്റെ റോമിലേയ്ക്കുള്ള യാത്രയിൽ സംഭവിച്ച കാര്യങ്ങൾ മനുഷ്യജീവിതത്തിന്റെ വിശ്വാസ യാത്രയിൽ ഉള്ള വെളിച്ചവും തണലും ഒക്കെ നിറഞ്ഞ പരിശോധനകളുടെയും വിജയത്തിന്റെയും പദ്ധതികളെ കാണാം. ഇടുങ്ങിയതും പ്രയാസമേറിയതുമായ ജീവിത വഴികളിൽ ദൈവത്തിന്റെ അസാധാരണമായ ഇടപെടലുകളും അവിടുത്തെ കരുതലുകളും ആയ ദൈവത്തിന്റെ പദ്ധതികളും ഇവിടെ കാണാം.

വിശ്വാസ വഴിയിലെ വിടർന്ന പുഷ്പങ്ങളായ തന്റെ ജനത്തെ അവരുടെ പ്രയാസ ഘട്ടങ്ങലിൽ ദൈവം ഇടപ്പെട്ട് പ്രതികൂലങ്ങളുടെ സമതലത്തിൽ നിന്ന് ഉയർത്തി മാനിക്കുന്ന ദൈവത്തിന്റെ പദ്ധതികളെ ഇവിടെ കാണാം. അനുഭവങ്ങളാണ് ജീവിതത്തന്റെ സമ്പത്ത്. യഥാർത്ഥമായി ക്രിസ്തുവിങ്കലേയ്ക്ക് വരുന്ന വ്യക്തിക്ക് പ്രതികൂലങ്ങൾ ഉണ്ടാകും. ഹാബേൽ മുതൽ ഏറ്റവും ഒടുവിലത്തെ രക്തസാക്ഷികളെയും നോക്കുമ്പോൾ വിജയവും പരാജയവും കൂട്ടികലർത്തിയുള്ള ഒരു ജീവിതമായാണ് ഭക്തന്മാർക്ക് കൊടുത്തിട്ടുള്ളത്.

പൂർവ്വപിതാക്കന്മാരെ നോക്കുക. അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. മഹത്വപൂർണ്ണമായ അവകാശത്തിന്റെ വാഗ്ദത്തം പ്രാപിച്ചു. എന്നാൽ തലമുറകൾ പിൽക്കാലത്ത് വലിയ ക്ഷാമത്തെ നേരിട്ടു, ഈജിപ്തിലേക്കു പോകുവാൻ നിർബ്ബന്ധിതരായി. അവരുടെ ചരിത്രം ഇടുങ്ങിയ പാതയുടെയും വേദനാജനകമായ പരീക്ഷകളും അസാദ്ധ്യതകളുടെയും ചരിത്രമായി കാണപ്പെട്ടു.

യിസഹാക്കിന്റെ ജീവിതവും അങ്ങനെയാണ്. തന്റെ മകൻ തനിക്ക് നിരാശയുണ്ടാക്കുന്നവനായി. മരുഭൂമിയിൽ കുഴിച്ച കിണർ ജാതികളുടെയിടയിൽ പ്രശ്നത്തിന് കാരണമായി. സ്ഥലങ്ങൾ മാറി മാറി പാർക്കേണ്ടിവന്നു.

യാക്കോബിന്റെ ജീവിതവും അതുപോലെയാണ്. താൻ പറയുന്നത് "എന്റെ പരദേശപ്രയാണത്തിന്റെ കാലം നൂറ്റിമുപ്പതു സംവത്സരം ആയിരിക്കുന്നു. എന്റെ ആയുഷ്ക്കാലം ചുരുക്കവും കഷ്ടമുള്ളതും അത്രേ. എന്റെ പിതാക്കന്മാരുടെ പരദേശ പ്രയാണമായ ആയുഷ്ക്കാലത്തോളം എത്തീട്ടുമില്ല എന്നു പറഞ്ഞു" (ഉല്പ. 47:9).

പൂർവ്വപിതാക്കന്മാരെ എല്ലാവരേയും നോക്കുമ്പോൾ, യോസേഫ് കഷ്ടതകൾക്കായി ജനിച്ചു. തന്റെ വിശ്വാസത്തിന്റെ ആരംഭം സ്വർഗ്ഗത്തെപ്പോലെ പ്രകാശിച്ചു. പെട്ടെന്ന് അത് ഇരുളടഞ്ഞതായിത്തീർന്നു. ദീർഘകാലം പ്രവാസം, വെറുക്കപ്പെടൽ അനീതിയുടെ അനുഭവങ്ങൾ, ഇരുമ്പഴികൾ. എന്നാൽ തന്റെ വിടുതൽ പൗലൊസിന്റേതുപോലെയായിരുന്നു. കപ്പൽ ചേതത്തിൽ നിന്നും രക്ഷപ്പെട്ടു. അവരുടെ കരുതലിനു വേണ്ടിയുള്ള ദൈവത്തിന്റെ പ്രവൃത്തികൾ വലിയവയായിരുന്നു.

മോശെ ഇടുങ്ങിയ വഴിയിലൂടെയും പ്രയാസമുള്ളതും കയ്പേറിയതുമായ വഴിയിലൂടെ കടന്നുപോകേണ്ടി വന്നു. തന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ചു പറയുന്നത്, "പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് നിരസിക്കയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു " (എബ്രാ.11:25,26).

ക്രിസ്തുവിന് സാദൃശ്യം വഹിക്കുന്ന യിസ്രായേലിലെ രാജാവായ ദാവീദ് തനിക്ക് സിംഹാസനത്തിന്റെ വാഗ്ദത്തം കിട്ടി, അഭിഷേകം ചെയ്യപ്പെട്ടു. എന്നാൽ ഒരു കുറ്റവാളിയെപ്പോലെ പർവ്വതങ്ങളിൽ വേട്ടയാടപ്പെട്ടു. പർവ്വതത്തിൽ നിന്നും പർവ്വതത്തിലേക്കും ഗുഹയിൽ നിന്നും ഗുഹയിലേയ്ക്കും ഓടിപ്പോയി. മരുഭൂമിയിൽ അലഞ്ഞുനടന്നു.എന്നാൽ വീണ്ടും താൻ വിടുവിക്കപ്പെട്ടു.

എല്ലാറ്റിലും മേലായ്, കഷ്ടതകളാൽ പൂർണ്ണനായിത്തീർന്ന ഒരുവനെ അവനെക്കാൾ വലിയ ഒരു മാതൃക വേറെയില്ല. അവൻ ഹെരോദാവിന്റെ കരങ്ങളിൽ നിന്നും വഴുതി ഈജിപ്തിലേക്ക് ഓടിപ്പോകേണ്ടി വന്നു. ഗത്സമനെയിൽ തന്റെ കഷ്ടതയിൽ സഹായിപ്പാൻ ആരുമുണ്ടായിരുന്നില്ല. അവിടുന്ന് കഠിനവേദനയാൽ വലഞ്ഞു, മാത്രമല്ല നമ്മുടെ വീണ്ടെടുപ്പിന്റെ വേല അവിടുന്ന് കാൽവറി ക്രൂശിൽ പൂർത്തിയാക്കി.

അതുപോലെ ഒരു ദൈവപൈതലിന് എത്രമാത്രം സഹിപ്പാൻ കഴിയും എന്നതിനുദാഹരണമാണ്. അപ്പോസ്തലനായ പൗലൊസ്. മാനസാന്തരപ്പെട്ടതിനുശേഷം പലപ്പോഴും താൻ വേട്ടയാടപ്പെട്ടു. പലപ്പോഴും യഹൂദന്മാരുടെ ഭീഷണികളിൽ നിന്നും ഓടിപ്പോകേണ്ടിവന്നു. 2 കൊരി. 13:33 വായിക്കുമ്പോൾ മതിലിലുള്ള കിളിവാതിലിലൂടെ അലക്കുകാരന്റെ തുണിക്കെട്ട് കെട്ടിയിറക്കുന്നതുപോലെ ഒരു കുട്ടയിൽ കെട്ടിയിറക്കപ്പെട്ടു.

വീണ്ടും പൗലൊസ് പിടിക്കപ്പെട്ടു. കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു. അധികാരികളുടെ മുമ്പിൽ ഹാജരാക്കപ്പെട്ടു ധാരാളം ഉപദ്രവിക്കപ്പെട്ടു. സ്വർഗ്ഗീയ ദർശനത്തിലൂടെ വിടുതലിന്റെ വാഗ്ദത്തം കിട്ടിയെങ്കിലും കടലിലെ കൊടുങ്കാറ്റിനാൽ ബാധിക്കപ്പെട്ടു. കപ്പൽക്കാർ തന്നെ കൊന്നു കളയുവാൻ നോക്കി. എന്നാൽ തന്റെ സാന്നിദ്ധ്യം മറ്റനേകരുടെ ജീവരക്ഷയ്ക്ക് കാരണമായി.

ഒടുവിൽ തനിക്ക് വിടുതൽ കൊടുക്കുവാൻ പടയാളികളുടെ കയ്യിൽ നിന്നും പൗലൊസിനെ വിടുവിക്കുവാൻ ദൈവം ആകാശത്തിൽ

(ശേഷം 5-ാംപേജിൽ)

ഡോ.ജോൺ സ്കഡർ : മെഡിക്കൽ മിഷനറി

(രണ്ടാം ഭാഗം)

1819-ൽ വളർന്നുകൊണ്ടിരുന്നതും വിജയകരവുമായ ന്യൂയോർക്കിലെ മെഡിക്കൽ പ്രാക്ടീസ് വിട്ട് ഡോ.ജോൺ സ്കഡർ സുവിശേഷം നിമിത്തം സിലോണിലേക്ക് (ഇന്നത്തെ ശ്രീലങ്ക) യാത്രയായി. ആ വർഷം ജൂൺ 8-ാം തീയതി തന്റെ ഭാര്യ ഹാരിയറ്റും കൊച്ചു മകളുമായി സിലോണിലേക്ക് യാത്ര തിരിച്ചു. അവർ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനു മുമ്പ് തന്നെ അവരുടെ മകൾ രോഗിയായി മരിച്ചുപോയി. അടുത്ത 18 മാസങ്ങൾക്കുള്ളിൽ അടുത്ത രണ്ട് കുഞ്ഞുങ്ങൾ ജനിച്ചു മരിച്ചു. ഹൃദയ സ്പർശിയായ സന്ദർഭങ്ങളാണെങ്കിലും അവർ നിളിക്കപ്പെട്ട വേലയക്കായി യാത്ര തുടർന്നു. നഷ്ടപ്പെട്ട ജനത്തിന്റെ ഇടയിൽ നിന്നും തങ്ങൾക്ക് ആത്മീയ സന്താനങ്ങളെ പ്രതീക്ഷിച്ചുകൊണ്ട് ശുശ്രൂഷ ലക്ഷ്യമാക്കി യാത്ര തുടർന്നു.

ആറുമാസങ്ങൾക്കു ശേഷം 1820 ജൂലൈയിൽ സിലോണിൽ എത്തിച്ചേർന്നു. സിലോണിന്റെ വടക്ക് ഭാഗത്തുള്ള പണ്ഡിറ്റെറിപ്പോ എന്ന സ്ഥലത്തു ഒരു പുതിയ പ്രവർത്തനം തുടങ്ങുവാൻ ജോൺ സ്കഡർ നിയോഗിക്കപ്പെട്ടു. വളരെ സമർപ്പണത്തോടും ഭക്തിയോടും സ്കഡർ കുടുംബം വേലയിൽ പ്രവേശിച്ചു. ആത്മാക്കളെ പരിപാലിക്കുന്ന ജോലി ഒരു വലിയ ഭാരമായിത്തോന്നി. എന്നാൽ അദ്ദേഹം ദൈവവചനത്തിൽ ആശ്രയിച്ചു. “എന്നോടു ചോദിച്ചുകൊൾക, ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും ”.

അദ്ദേഹം ഉത്സാഹത്തോടെ വേലയിലേക്കു പ്രവേശിച്ചു. ആദ്യഘട്ടങ്ങളിൽ രോഗികളെ പരിചരിക്കുന്നതിൽ അദ്ദേഹം ശ്രദ്ധവച്ചു. അനേകർ അദ്ദേഹത്തിന്റെ അടുക്കൽ വരാൻ തുടങ്ങി. അദ്ദേഹം നടത്തിയ ശസ്ത്രക്രിയകൾ ആളുകൾക്ക് അത്ഭുതമായിത്തോന്നി.

തന്റെ സ്വാധീനം സുവിശേഷത്തിന്റെ വ്യാപനത്തിനും ഉപയോഗിച്ചു. തന്റെ അടുക്കൽ വരുന്ന ഓരോ വ്യക്തിക്കും വേണ്ടി സ്കഡർ പ്രാർത്ഥിച്ചു. പാപവും അതിന്റെ പരിണതഫലവും ഉണ്ടാക്കുന്ന നഷ്ടവും വേദനകളും ശരീരത്തിന്റെ വേദനയെക്കാൾ വളരെ വലുതാണെന്ന് അദ്ദേഹം അവരെ ബോദ്ധ്യപ്പെടുത്തി. വായിക്കുവാൻ കഴിയുന്നവർക്കെല്ലാം ലഘുലേഖകൾ കൊടുത്തു. ആദ്യ ഘട്ടങ്ങളിൽ അച്ചടി ലഘുലേഖകൾ ഉണ്ടായിരുന്നില്ല. പനയോലകളിൽ താൻ തന്നെ എഴുതി ലഘു ലേഖകളുണ്ടാക്കി.

രോഗികളെ പരിചരിക്കുന്നതിനോടൊപ്പം സുവിശേഷ വേലയും തന്റെ ദിനചര്യയിൽ ഉൾപ്പെടുത്തി, ചില സ്കൂളുകൾ അദ്ദേഹം തുടങ്ങി. ദൈവ വചനം പ്രസംഗിക്കുവാനും അവസരം കണ്ടെത്തി. തന്റെ അടുക്കലേയ്ക്ക് വരുന്നവരോട് മാത്രമല്ല, വീടുകൾ തോറും കയറിയിറങ്ങി ആളുകളോട് സുവിശേഷം പറയുവാനും പ്രസംഗിപ്പാനും മാത്രമല്ല, ധാരാളം സഞ്ചരിച്ചും സുവിശേഷം പറഞ്ഞു പ്രയാസകരമായ യാത്രകൾ ചെയ്തു. എന്നാൽ ദൈവം അദ്ദേഹത്തെ സൂക്ഷിച്ചു. കാട്ടുമൃഗങ്ങളുള്ള ഘോരവനങ്ങളിലൂടെ യാത്ര ചെയ്തു അവിടെയും ദൈവം തന്നെ കാത്തു സൂക്ഷിച്ചു.

അദ്ദേഹം ആളുകൾക്ക് പ്രിയങ്കരനും അംഗീകാരവുമുള്ളവനും ആയിത്തീർന്നു. അവരുടെയിടയിലേക്ക് ദൈവ വചനവുമായി അദ്ദേഹം

(ശേഷം 4-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. ഒരു പുതിയവർഷം വരവായി. 2019-ാം വർഷത്തിന്റെ പൊൻപുലരി കാണുവാൻ കർത്താവ് നമ്മെ സഹായിച്ചു. പുതിയ വർഷത്തിന്റെ വാഗ്ദത്ത വചനം “ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും. നി ഒരു അനുഗ്രഹമായിരിക്കും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും ” (ഉല്പ. 12: 2,3)

2018-ലെ വർഷത്തിന്റെ ഡിസംബർ മാസം നമ്മെ വിട്ട് കടന്നു പോയി 2019 ജനുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

നമ്മെ അഭിമുഖീകരിക്കാൻ പോകുന്ന കഷ്ടതകളും പ്രയാസങ്ങളും കർത്താവിനു സമർപ്പിച്ചു കൊണ്ടുവേണം ഓരോ ദിവസവും നാം മുന്നോട്ടു പോകുവാൻ. യേശുവിന് എല്ലാ കഷ്ടതകളും വിഷമതകളും ക്ഷമയോടെ സഹിക്കാൻ കഴിഞ്ഞു. തന്റെ പിതാവിനോടുള്ള സ്നേഹമാണ് ഇതിനു തന്നെ പ്രാപ്തനാക്കിയത്. പിതാവിന്റെ ഇഷ്ടത്തിന് വഴങ്ങികൊടുക്കുവാൻ തന്നെ സഹായിച്ചതും ഈ സ്നേഹമാണ്.

ദൈവത്തിന്റെ കുഞ്ഞാടായ താൻ സ്വന്ത ഇച്ഛകളെ ഒക്കെയും അടിയുറവച്ചു. അങ്ങനെ എല്ലാ എതിർശക്തികളുടെ മേലും അവൻ വിജയം കൈവരിച്ചു. ക്ഷമാശീലം മൂലം സാത്താനേയും നരകത്തെയും ജയിച്ച ബലവാനായ കർത്താവാണ് താനെന്നും യേശു തെളിയിച്ചു.

ഒരു പക്ഷേ എല്ലാവരാലും അവഗണിക്കപ്പെട്ട കിടക്കേണ്ടി വന്നാലും ദൈവിക വാഗ്ദത്തം മാറുകയില്ല. “നരയ്ക്കുവോളം ചുമക്കും, കാലം മാറും, ലോകം മാറും മാറാത്ത ഒന്നാണ് ദൈവവചനം ”. അതിൽ ആശ്രയിച്ച് പ്രത്യാശനാടിനെ നോക്കി പാർത്ത് സ്വർഗ്ഗ നാട്ടിൽ എത്തും എന്ന ആശയോ മുന്നോട്ട് പോകാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

" അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ " (1പത്രൊ. 5:7).

ഒരു നിമിഷം നാം യഥാർത്ഥമായി ചിന്തിക്കുമ്പോൾ എന്താണ് നാം ദൈവത്തിന്മേൽ ഇട്ടുകൊള്ളേണ്ടത്. അവിടെ നല്ല സംരക്ഷണം നമുക്കുണ്ട്. ഉത്തരവാദിത്വങ്ങളിലുള്ള ജാഗ്രതയുണ്ട്. അവ ദൈവം നമുക്ക് തന്നിരിക്കുന്നു. പൗലൊസ് പറയുന്നത് ദൈവത്തിൽ വിശ്വസിച്ചവർ സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിപ്പാൻ കരുതേണ്ടതിന് നീ ഇത് ഉറപ്പിച്ചു പറയേണം എന്ന് ഞാൻ ഇച്ഛിക്കുന്നു. ഇത് ശുഭവും മനുഷ്യർക്ക് ഉപകാരവും ആകുന്നു. (തീത്തോ. 3:8). സ്പർജൻ പറയുന്നത് ദൈവത്തെ സ്നേഹിപ്പാനും സേവിപ്പാനും തക്കവണ്ണം അവിടുന്ന് നമ്മെ കരുതുന്നു. അവിടുത്തെ വചനത്തെ മനസിലാക്കാനുള്ള കരുതൽ തന്നിരിക്കുന്നു. അതിനെ പ്രസംഗിപ്പാൻ കരുതൽ നമ്മെ സഹായിക്കുന്നു. കൂട്ടായ്മ ആചരിപ്പാനുള്ള കരുതൽ നമ്മുടെ മേലുണ്ട്. ദൈവത്തോട് കൂടെ നടപ്പാനുള്ള കരുതലും തന്നിരിക്കുന്നു.

" കരുതൽ " എന്നതിന് ഗ്രീക്കിൽ പറയുന്നവാക്ക് വ്യത്യസ്തമാണ്. അതിന്റെ അർത്ഥം വ്യത്യസ്തമായ ഒരു അവബോധമാണ്. പ്രശ്നകലുഷിതമായ ഒരു മനസ്സ് റിവൈസ്ഡ് വേർഷൻ പരിഭാഷപ്പെടുത്തുന്നത് " ചിന്താകുലം " എന്നാണ്. അത് രോഗത്തിന് കാരണമാകുന്നു. ഫ്രഞ്ച് പരിഭാഷ പറയുന്നത് നിങ്ങളുടെ ഭാരം ദൈവത്തിന്മേൽ ഇറക്കിവയ്ക്കുക എന്നാണ്. കൽക്കരി വണ്ടി നാം കണ്ടിട്ടുണ്ടല്ലോ. ഒരു ഇരുമ്പു സൂചിക ചലിക്കുമ്പോൾ വാഹനം അതിന്റെ ചക്രത്തിൽ സമനില പ്രാപിക്കുന്നു. ഒരു ചെറിയ ശക്തി പ്രയോഗിക്കുമ്പോൾ അതിലെ സാധനങ്ങൾ ഉൾപ്പെടെ അത് ഗ്രൗണ്ടിലേക്ക് ചലിക്കുന്നു. അതുപോലെ നമ്മുടെ ചിന്താകുലങ്ങൾ മുഴുവനും ദൈവത്തിൽ അർപ്പിക്കാം.

ആകുലവേളകളിൽ വിശ്വാസം

By D.M.PANTON (1870-1955)

നമ്മുടെ ഭാരങ്ങൾ ദൈവത്തിന്മേൽ വയ്ക്കാം. കുറച്ചു ഭാരങ്ങൾ അല്ല, ചില വലിയ ഭാരങ്ങൾ എന്നുമല്ല, പിന്നെയോ എല്ലാ ഭാരങ്ങളും നമ്മിൽ പലരുടേയും ചിന്താകുലങ്ങൾ വ്യക്തിപരമാണ്. ചിലത് മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു പ്രധാനപ്പെട്ട കൂട്ടം ആളുകളുടെ ചിന്താകുലം തങ്ങളുടെ സ്വന്തം ആത്മിക ഭാവിയെക്കുറിച്ചാണ്. അത് ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചായിരിക്കാം, മോശമായ സാഹചര്യങ്ങളെക്കുറിച്ചായിരിക്കാം, ഇടപാടുകളിലെ ചിന്താകുലമായിരിക്കാം ഇരുളടഞ്ഞ ലോകത്തിൽ കുഞ്ഞുങ്ങളുടെ ഭാവിയെ സംബന്ധിച്ചായിരിക്കാം. യുദ്ധക്കളത്തിൽ ആയിരിക്കുന്ന മക്കളെക്കുറിച്ചായിരിക്കാം അല്ലെങ്കിൽ വരാൻ പോകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചായിരിക്കാം.

ലോകം ചെയ്യുന്നതുപോലെയല്ല നാം ചെയ്യേണ്ടത്, അവർ തങ്ങളുടെ പാപങ്ങളെ മറച്ചുവച്ചിട്ട് ചിന്താകുലങ്ങൾ ദൈവത്തിൽ വച്ചു കൊടുക്കുകയാണ്.

ചിലർ ഈ ചിന്താകുലങ്ങൾ മുഴുവനും അവർ തന്നെ ചുമക്കുന്നു. അവർ തങ്ങളെത്തന്നെ ഞെരുക്കുകയും കൊല്ലുകയും ചെയ്യുന്നു. എന്നാൽ ദൈവം നമ്മുടെ പാപത്തിന്റെ സകല ഭാരവും നമ്മിൽ നിന്നും എടുത്തു മാറ്റിയിരിക്കുന്നു. അതിനെ എടുത്ത് ക്രിസ്തുവിന്മേൽ വച്ചു - അവിടുത്തേയ്ക്ക് ചുമക്കുവാൻ കഴിയാത്ത ഒരു ഭാരവും നമ്മിലില്ല.

ഡോ.എഫ്.ബി.മെയർ അതിനെക്കുറിച്ച് മനോഹരമായി അവതരിപ്പിക്കുന്നത്, അവൻ പാറകളെ തകർക്കുന്നു, സമുദ്രത്തെ തുറക്കുന്നു. കാറ്റിന്റെ ഉറവിടങ്ങളെ തുറക്കുന്നു, ഭൂമിയുടെ ഉറവിടങ്ങളെ പുറത്തു കൊണ്ടുവരുന്നു. അവിടുന്ന് പക്ഷികളോട് കല്പിച്ചാൽ അവ, ഇറച്ചിയും, മീനും, നാണയങ്ങളും കൊണ്ടുവരും, അവിടുന്ന് ദീപുകളെ വളരെ നിസാരമായി ഉയർത്തുന്നു എങ്കിൽ ദൈവത്തിന് എത്ര നിസാരമാണ് നിങ്ങളുടെ വലിയ ഭാരം.

അതുകൊണ്ട് ദൈവത്തിന്റെ കല്പന വരുന്നു. നാം അടുത്ത വാക്യത്തിലേയ്ക്ക് വരുമ്പോൾ, ദൈവത്തിന്റെ അസാധാരണമായ പ്രവൃത്തി പിന്നെയും കാണാം, സകല ഭാരവും അവന്റെ മേൽ ഇട്ടുകൊൾവിൻ. ചിന്താകുലങ്ങളുള്ള വിശ്വാസി, സ്വർഗ്ഗസ്ഥനായ തന്റെ പിതാവിന്റെ സർവ്വ

(ശേഷം 4-ാംപേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

(2-ാംപേജിന്റെ തുടർച്ച)

ഡോ.ജോൺസ്കഡർ: മെഡിക്കൽ മിഷനറി

കടന്നു പോയി. പല പ്രാവശ്യം അദ്ദേഹം കല്ലെറിയപ്പെട്ടു. ഉപദ്രവിക്കപ്പെട്ടു. എന്നാൽ ഒരു ചെറിയ അവസരം പോലും സുവിശേഷ വേലയ്ക്കു വേണ്ടി അദ്ദേഹം പ്രയോജനപ്പെടുത്തി. കർഷകരോട്, കടൽക്കരയിലെ മുക്കുവന്മാരോട് കൂലിപ്പണിക്കാരോട് തെരുവിലെ യാചകരോട് എല്ലാം ദൈവവചനം പങ്കുവച്ചു. മോശമായ കാലാവസ്ഥയിലും തീക്ഷ്ണമായി വേല ചെയ്തു. നിത്യതയിൽ വേണ്ടും വോളം സമയം വിശ്രമിക്കാം എന്ന ചിന്തയോടെ വിശ്രമമില്ലാതെ വേല ചെയ്തു.

ത്യാഗപരവും തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിലും പ്രാർത്ഥനയ്ക്കും വചന ധ്യാനത്തിനും ഉപവാസത്തിനും താൻ കൃത്യമായി സമയം കണ്ടെത്തിയിരുന്നു. അദ്ദേഹത്തിന്റെ മകന്റെ വാക്കുകളിൽ രാവിലെ ഒന്നര മണിക്കൂർ അതിരാവിലെ ഉണർന്ന് വചന ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ചെലവിടുമായിരുന്നു. വൈകുന്നേരം പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും ധ്യാനത്തിനുമായി ചെലവിടുമായിരുന്നു. ഉച്ചയ്ക്ക് താൻ തുടർച്ചയായി ബൈബിൾ വായിച്ചിരുന്നു. എല്ലാ വെള്ളിയാഴ്ചയും ഉച്ചവരെ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവിട്ടിരുന്നു. ഈ പതിവ് തന്റെ ജീവിതാവസാനം വരെ തുടർന്നിരുന്നു.

സുവിശേഷ പ്രവർത്തകയായ ഒരു വിശ്വസ്ത ഭാര്യ

ഡോ. ജോൺസ്കഡർ കുടുംബത്തിന് ദൈവം പതിനൊന്ന് മക്കളെക്കൂടെ ദൈവം നൽകി. തിരക്കേറിയ തന്റെ കുടുംബ ജീവിതത്തിനിടയിലും അവർ ഒരു മിഷ്യനറി വനിതയായിരുന്നു. അവർ സ്കൂളുകളിൽ പഠിപ്പിച്ചു. വീടുകൾ സന്ദർശിച്ച് സ്ത്രീകളെ ഉപദേശിച്ചു. സ്കഡറിന്റെ അഭാവത്തിൽ മിഷൻ പ്രവർത്തനങ്ങളെല്ലാം ഹാരിയറ്റി സ്കഡർ നോക്കി നടത്തി. സ്കഡറുടെ തിരക്കേറിയ പ്രവർത്തനങ്ങളിൽ ഒരു പുഞ്ചിരിയോടെ അദ്ദേഹത്തെ പറഞ്ഞയച്ചിട്ട് പ്രവർത്തനങ്ങളിൽ മുഴുവൻ അവർ ശ്രദ്ധവച്ചു. അവരോടൊപ്പം വന്ന വിശ്വസ്ത ദാസി അമി അവരുടെ വീട്ടുകാര്യങ്ങളിൽ മാത്രമല്ല ശുശ്രൂഷകൾക്കും അവർ ഒരു സഹായിയും സജീവ സാന്നിദ്ധ്യവുമായിരുന്നു. സ്കഡർ കുടുംബവും അവരെ ഒരു ക്രിസ്തീയ ശുശ്രൂഷകയായിത്തന്നെ കരുതി.

എന്നാൽ തുടർന്നുള്ള നാളുകളിൽ തന്റെ ഭർത്താവിന്റെ ആരോഗ്യസ്ഥിതി മോശമാകുന്നതായി മിസ്സിസ് സ്കഡർ മനസിലാക്കി. വിശ്രമമില്ലാത്ത യാത്രയും പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വഷളാക്കി. ആ ദിവസങ്ങളിൽ അദ്ദേഹം രോഗീപരിചരണത്തിലും ആയിരുന്നു.

1829-ലെ ഒരു വസന്തകാലത്ത് ഡോ. സ്കഡറുടെ ആരോഗ്യസ്തിതി വളരെ മോശമായി. അദ്ദേഹത്തെ ഇൻഡ്യയുടെ പടിഞ്ഞാറൻ ഭാഗത്തുള്ള നീലഗിരിയിലേക്ക് കൊണ്ടുപോയി. അവിടെയുള്ള കാലാവസ്ഥ തണുപ്പുള്ളതായിരുന്നു. മിസ്സിസ് സ്കഡർ കൂടെ പോകേണ്ട സന്ദർഭമായിരുന്നെങ്കിലും അവർ കൂടെ പോയില്ല. കാരണം അവർ പറഞ്ഞത് രണ്ടുപേരും ആ സമയം പ്രവർത്തനങ്ങളിൽ നിന്നും വിട്ടുപോകുന്നത് പ്രവർത്തനങ്ങളെ സാരമായി ബാധിക്കും. അവർ ഭർത്താവിനെ പറഞ്ഞയിച്ചിട്ട് പ്രവർത്തനങ്ങളിൽ മുഴുകി നിലനിൽപിനായുള്ള ദൈവകൃപയ്ക്കായി ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവർ പറഞ്ഞത് കർത്താവേ, ഈ ക്രൂശ് ചുമക്കുവാൻ എന്നെ ബലപ്പെടുത്തണമേ എന്നാണ്. എന്നാൽ പൂർണ്ണ സൗഖ്യത്തോടെ അല്ലെങ്കിലും വീട്ടിലേയ്ക്ക് മടങ്ങി വരുവാൻ ഡോ.സ്കഡറെ ദൈവം ബലപ്പെടുത്തി.

(തുടരും)

(3-ാംപേജിന്റെ തുടർച്ച)

ആകുലവേളകളിൽ വിശ്വാസം

ശക്തി, സർവ്വജ്ഞാനം, മഹാസ്നേഹം എന്നിവ മനസ്സിലാക്കിയിട്ട് തന്റെ അവസ്ഥയെ മുഴുവൻ വ്യത്യാപ്പെടുത്തുവാൻ കഴിവുള്ള ദൈവത്തിന്റെ കരങ്ങളിൽ ഏല്പിച്ചിട്ട് തന്നെ വ്യാകുലപ്പെടുത്തുന്ന സകല ചിന്തകളെയും ഉപേക്ഷിപ്പാൻ തീരുമാനിക്കുന്നു. അനേകർ തങ്ങളെതന്നെ വെറുത്ത് ആകുലചിന്തയാൽ ദൈവസ്നേഹത്തെ നഷ്ടമാക്കുന്നു.

" .... നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയും അരുത് " (യോഹ.14:27)

ദൈവത്തിന്റെ കാവൽ സൈന്യം

അപ്പോസ്തലസനായ പൗലൊസിന്റെ അനുഗ്രഹിക്കപ്പെട്ട വേദഭാഗം, നാം എങ്ങനെയാണ് ഭാരം അവിടുത്തെ മേൽ വയ്ക്കുന്നത് എന്ന് പറയുന്നു, " ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രഏ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തേശുവിങ്കൽ കാക്കും " (ഫിലി. 4:6,7).

പ്രാർത്ഥന ദൈവത്തോടു പറയുന്നു എന്താണ് ചിന്താകുലം എന്ന് വിശ്വാസം ഉണരുന്നു, ചിന്താകുലങ്ങൾ മാറുന്നു; ചിന്താകുലമില്ലാതെ നടക്കുവാൻ കഴിയുന്നു. അതുകൊണ്ട് ഹിസ്ക്കിയാ രാജാവ് സൻഹരീഹബിന്റെ ഭീഷണിക്കത്തിനെ ദൈവത്തിന്റെ ആലയത്തിലേക്ക് കൊണ്ടുപോയി, ആലയത്തിൽ നിന്നും സമാധാനത്തോടെ മടങ്ങിപ്പോന്നു. ഒരു പഴയ വ്യാഖ്യാതാവ് പൗലൊസിന്റെ വാക്കുളെ വിലയിരുത്തുന്നത്: ഒന്നിനെക്കുറിച്ചും വിചാരപ്പെടാതിരിപ്പിൻ, എല്ലാറ്റിലും പ്രാർത്ഥനയോടിരിപ്പിൻ, എല്ലാറ്റിനും നന്ദിയുള്ളവരായിരിപ്പിൻ.

അപ്പോസ്തലനായ പൗലൊസ് നമ്മുടെ ഉത്തരവാദിത്വങ്ങൾ സന്തോഷത്തോടെ ചെയ്യുവാൻ നമ്മെ ബലപ്പെടുത്തുവാൻ തെളിയിച്ചു സംസാരിക്കുന്നത്. അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ ദൈവം നമുക്കായി കരുതുന്നുവെങ്കിൽ, അത് വെളിപ്പെടുത്തുന്നത്, അവിടുത്തേയ്ക്ക് സമർപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ്, നമ്മുടെ ചിന്താകുലങ്ങൾ ദൈവത്തിന്റെ ശക്തമായ കരങ്ങളിലാണ് ഒരിക്കലും തിരിച്ചു വരാതെ നിത്യമായി സംരക്ഷിക്കുന്ന ദൈവത്തിന്റെ കരങ്ങളിലാണ്. നിങ്ങളുടെ ഭാരം അവന്റെമേൽ വച്ചു കൊൾക, അവൻ ആകുലമില്ല, ദൈവം ആകുലപ്പെടുന്നില്ല, എന്നാൽ കരുതുന്നു; നമ്മെ നടത്തുന്നു, ഉത്സാഹത്തോടെ ജീവിപ്പാൻ സംരക്ഷിച്ചു നടത്തുന്നു.

മതനവീകരണകാലങ്ങളിൽ ലൂഥർ പറയുമായിരുന്നു, നമുക്ക് 46-ാം സങ്കീർത്തനം വായിക്കാം; അവർ തങ്ങളുടെ തിന്മ ചെയ്യട്ടെ! "ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു. അതുകൊണ്ട് ഭൂമി മാറിപ്പോയാലും പർവ്വതങ്ങൾ കുലുങ്ങി സമുദ്ര മദ്ധ്യേ വീണാലും അതിലെ വെള്ളം ഇരെച്ചു കലങ്ങിയാലും അതിന്റെ കോപം കൊണ്ട് പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല" (സങ്കീ. 46:1-3).

നമ്മുടെ വിശ്വാസം തീയിൽ ശോധന ചെയ്യപ്പെട്ടതാണ്; സ്വർണ്ണപ്പണിപോലെ; ദൈവത്തിന്റെ സംരക്ഷണം പൊന്നിനു വേണ്ടിയാണ്, തീയ്ക്കുവേണ്ടിയല്ല.

ദൈവത്തിന്റെ കരുതൽ നിങ്ങൾക്ക് വ്യക്തിരുമാണ്.

ഭാരം ദൈവത്തിന്മേൽ വയ്ക്കുക എന്നത് ആത്യന്തിക

(ശേഷം 8-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

വിശ്വാസ വഴിയിലെ ദുർഘട സ്ഥലങ്ങൾ

നിന്നും ഒരു പേടകമോ സഹായമോ അയച്ചില്ല. വെള്ളത്തിന്മീതേ നടന്ന് ഒരു ദൂതനും തന്റെ അടുക്കൽ വന്നില്ല. ഒരു പ്രത്യേക അത്ഭുതങ്ങളും വന്നില്ല. കപ്പൽ തകർന്നു. ചിലർ കപ്പിന്റെ പലകകളിന്മേലും ഖണ്ഡങ്ങളിലും പിടിച്ചുകിടന്നു. അവർ എല്ലാവരും സുരക്ഷിതമായി കരയ്ക്കെത്തി.

നമുക്കു വേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതി

പ്രിയരെ, നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. ഓരോ ദിവസവും യഥാർത്ഥ സമർപ്പണത്തോടെ ജീവിക്കുന്ന തന്റെ ഭക്തന്മാർക്കു വേണ്ടി ഒരു സഹായിക്കുന്ന സുവിശേഷം ഇവിടെയുണ്ട്. ഒരായിരം പ്രായോഗിക വ്യവസ്ഥകളും അതിലുണ്ട്. ദൈവത്തിന്റെ വാഗ്ദത്തങ്ങളോ ദൈവത്തിന്റെ കരുതലുകളോ പരീക്ഷയുടെ സമതലത്തിൽ നിന്നും നമ്മെ ഉയർത്തുകയില്ല, എന്നാൽ ഈ പരീക്ഷകളിലൂടെ നമ്മുടെ വിശ്വാസം പൂർത്തീകരിക്കപ്പെടുന്നു. നമ്മുടെ അനുദിന ജീവിതത്തിലുടനീളം നമ്മെ നിയന്ത്രിച്ചു നടത്തുന്ന ആ ബന്ധം അനുദിന ജീവിത അനുഭവങ്ങളിലൂടെ നമ്മെ ഒരുക്കി തന്റെ മഹത്വം വെളിപ്പെടുത്തുകയത്രേ ചെയ്യുന്നത്.

നമുക്കുള്ള ദൈവം ഇപ്രകാരം അനുദിനം നമ്മെ വളർത്തിയെടുക്കുന്ന ദൈവമാണ് എന്ന് നാം തിരിച്ചറിയേണ്ടതാണ്. അതുകൊണ്ട് പതിനായിരം പരീക്ഷ നമുക്ക് തന്നിട്ട് അതിൽ നമ്മെ പരാജയപ്പെടുത്തുന്ന ദൈവമാണ് എന്നർത്ഥമില്ല. പരാജയത്തിന്റെ പ്രശ്നത്തിന്റെ തരണങ്ങൾ നമ്മെ ബാധിക്കുന്നു എന്ന് തോന്നുമ്പോൾ കൈനീട്ടി നമ്മെ കാക്കുന്ന ദൈവം കൂടിയാണവിടുന്ന് എന്ന് ഓർക്കണം.

നമ്മുടെ വഴികൾ കഠിനം എന്നോ അത് വളരെ ദൂരം എന്നോ നമ്മുടെ കാലുകൾ തളരുന്നു എന്നോ ചിന്തിച്ച് അധൈര്യപ്പെടേണ്ട. അവിടുന്ന് മേഘസ്തംഭവും അഗ്നിത്തൂണുമായി എപ്പോഴും നമ്മെ വിട്ടുപിരിയാതെ കാത്തു നടത്തുന്ന ദൈവം തന്നെയാണ്. അവിടുന്ന് തന്റെ ശിഷ്യന്മാരോടുകൂടെ എമ്മൂസിലേയ്ക്കുപോയി. അവർ അറിഞ്ഞിരുന്നില്ല. അറിഞ്ഞപ്പോൾ തന്റെ വാക്കുകളിൽ അവരുടെ ഹൃദയം കത്തുകയായിരുന്നു എന്ന് തിരിച്ചറിഞ്ഞു.

വൈഷമ്യമേടുകളിൽ തന്റെ സാന്നിദ്ധ്യം തിരിച്ചറിയുവാൻ നമുക്കു പഠിക്കാം. നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടിയും വാഗ്ദത്തങ്ങൾ നിവർത്തിയും നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ഉദ്ദേശവും പ്രാപിക്കുവാൻ നമുക്ക് മനസ്സുവയ്ക്കാം. അങ്ങനെ എല്ലാം വിശുദ്ധമായിത്തീർക്കുംരും ജീവിതം അനുഗ്രഹിക്കപ്പെടുകയും ചെയ്യും. “മുള്ളിനു പകരം സരള വൃക്ഷം മുളയ്ക്കും പറക്കാരയ്ക്കുപകരം കൊഴുന്തു മുളയ്ക്കും അത് യഹോവയ്ക്ക് ഒരു കീർത്തിയായും ഛേദിക്കപ്പെടാത്ത ശാശ്വതമായൊരു അടയാളമായും ഇരിക്കും” (യെശ. 55:13).

നമ്മുടെ അതൃപ്തിയും പരാജയങ്ങളും

ദുർഘടമേടുകൾ നമ്മുടെ ജീവിതത്തിൽ വില്ക്കപ്പെട്ട താണ്. അത് നമ്മെത്തന്നെ വെളിപ്പെടുത്തുന്നു, നമ്മുടെ അതൃപ്തിയും പരാജയങ്ങളും ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ ജീവിതത്തെയും സ്വഭാവത്തെയും കെട്ടിപ്പടുക്കുന്നതിൽ ജീവിതത്തിന്റെ പരിശോധനകൾ വളരെ പ്രാധാന്യം അർഹിക്കുന്നു. അത് നമ്മുടെ ആത്മീക ജീവിതത്തിന്റെ ആഴങ്ങളിൽ പ്രവർത്തിക്കുന്നു. പരീക്ഷ വരുന്നതുവരെ നമ്മിലുള്ള ദൈവകൃപയുടെ ഗുണവും അതിന്റെ ആഴവും മനസിലാക്കുവാൻ കഴിയുന്നതല്ല. പരീക്ഷകളെ ജയിക്കുമ്പോൾ നമ്മിലുള്ള വിശ്വാസവും പ്രത്യാശയും ധൈര്യവും വർദ്ധിക്കുന്നു. അത് നമ്മുടെ ഉത്സാഹവും ധൈര്യവും വർദ്ധിപ്പിച്ച് ദൈവകൃപയുടെ പൂർണ്ണമായ അളവിൽ നമ്മെ എത്തിക്കുന്നു. ക്രിസ്തു നമുക്ക് എല്ലാറ്റിനും എല്ലാം ആണ് എന്ന് തിരിച്ചറിയുവാനും നമ്മെ സഹായിക്കുന്നു.

അതുകൊണ്ടാണ് ദൈവം എപ്പോഴും നമ്മെ ബോധം വരുത്തുന്നത്. നമ്മുടെ സ്വന്തബലത്തിലുള്ള ആശ്രയം വ്യർത്ഥമാണെന്നും അത് പ്രയോജനമില്ലാത്തതാണ് എന്ന് ബോദ്ധ്യപ്പെടുത്തി “ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു” (ഗലാ. 2:20) എന്ന് പറയുവാനും നമ്മെ തട്ടിയുണർത്തുന്നു.

ദൈവം മതിയായവൻ

വൈഷമ്യമേടുകൾ ദൈവത്തിന്റെ ഉറവിടങ്ങളെ അറിയുവാൻ നമ്മെ സഹായിക്കുന്നു. പ്രയാസമേറിയ ഘട്ടങ്ങളിലാണ് ദൈവത്തിന്റെ കരുതലുകളെ അറിയുവാൻ നമുക്ക് കഴിയുന്നത്. യിസ്രായേൽ ആദ്യം ഉറച്ചു നില്ക്കയും പിന്നെ ദൈവത്തിന്റെ രക്ഷയെ കൈക്കൊള്ളുകയും വേണം. അവരുടെ പ്രവൃത്തികളിൽ നിന്നും തിരിഞ്ഞപ്പോൾ ദൈവം തന്റെ ശക്തിയെ അവർക്കു വെളിപ്പെടുത്തി. മരുഭൂമിയിലൂടെ അവരെ കടത്തിവിട്ടപ്പോൾ അവരുടെ സാധാരണ ആവശ്യ വസ്തുക്കൾക്ക് പകരം ദൈവത്തിന്റെ കരുതലുകൾ അനുഭവിപ്പാൻ ഇടയായി. അങ്ങനെ ആ വചനം അവർക്ക് വിശ്വസിപ്പാൻ കഴിഞ്ഞു. “അവൻ നിന്നെ താഴ്ത്തുകയും നിന്നെ വിശപ്പിക്കയും മനുഷ്യൻ അപ്പൻ കൊണ്ടുമാത്രമല്ല യഹോവയുടെ വായിൽ നിന്നും പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കുന്നു എന്ന് നിന്നെ ഗ്രഹിപ്പിക്കേണ്ടതിന് നീയും നിന്റെ പിതാക്കന്മാരും അറിഞ്ഞിട്ടില്ലാത്ത മന്ന കൊണ്ട് നിന്നെ പോഷിപ്പിക്കയും ചെയ്തു” (ആവർ. 8:3) നമ്മുടെ ആവശ്യങ്ങളുടെ അളവിന്റെ നിറവുവരെ യാഥാർത്ഥ്യമാക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. ഓരോ പ്രയാസ ഘട്ടങ്ങളും നമ്മെ നിറയ്ക്കുവാനുള്ള പാത്രമായിത്തീരുന്നു, തന്റെ ജ്ഞാനവും ശക്തിയും കൃപയും നമ്മെ കാണിപ്പാനുള്ള അവസരമായിത്തീരുന്നു.

അപ്പോസ്തലനായ പൗലൊസിന്റെ വീക്ഷണത്തിലും നാം നേരിടുന്ന ഓരോ പരീക്ഷയും ദൈവശക്തി ധാരാളമായി പകരപ്പെടുന്ന അവസരങ്ങളായും ഓരോ പുതിയ പരീക്ഷയും ദൈവകൃപ പകരപ്പെടാനുള്ള പാത്രമായും കരുതികൊണ്ട് അതിനെ സ്വാഗതം ചെയ്യുകയാണ്. “ എന്റെ കൃപ നിനക്കു മതി ” (1കൊരി. 12:9).

പ്രിയരെ, അതുകൊണ്ട് ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളും ഒരുപോലെ കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുകയും ദൈവം തന്റെ ധനത്തിന്റെ മഹത്വത്തിന് ഒത്തവണ്ണം നമ്മെ അനുഗ്രഹിക്കുന്ന ദൈവമെന്ന് ലോകത്തോട് അനുഭവത്തിലൂടെ പറയുകയും ചെയ്യേണ്ടതല്ലയോ?

ദൈവത്തിലുള്ള ധൈര്യം

പരീക്ഷ എന്നത് ആശ്രയിപ്പാനുള്ള ഫലപ്രദമായ മണ്ണാണ്. പ്രതിസന്ധികൾ എന്നത് ദൈവത്തിന്റെ വിശ്വസ്തതയിലും സ്നേഹത്തിലുമുള്ള ഉറപ്പിനെ ശക്തീകരിപ്പാനും പുതുക്കുവാനുമുള്ള പ്രേരകശക്തിയാണ്. പത്രോസ് വെള്ളത്തിലൂടെ നടന്നതുപോലെ കാണപ്പെടാത്ത ദൈവത്തിന്റെ ശക്തിയും കരുതലും ജീവിതത്തിൽ അനുഭവിച്ചറിയുന്ന സന്ദർഭമാണെന്ന് വളരെ ലളിതമായി മനസിലാക്കുവാൻ കഴിയും. ദൈവം നമുക്കു എല്ലാറ്റിനും എല്ലാമാണെന്നും അത് അനുഭവമാക്കാനുള്ള ഉപാധി വിശ്വാസമാണെന്നും നമുക്കുള്ള നിത്യമായ വാസമാണെന്നും നാം മനസ്സിലാക്കേണ്ടതാണ്. നമ്മെ കൂടുതൽ ശക്തന്മാരാക്കുവാനും നമ്മുടെ ബലഹീനമായ വിശ്വാസത്തെ ശക്തിയുള്ളതാക്കു

(ശേഷം 8-ാം പേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

ശീതോഷ്ണാവസ്ഥയെ സംബന്ധിച്ച് ശക്തമായ താക്കീത്

ഇന്നത്തെ മിക്ക സഭകളും മടിയുള്ളവരായിത്തീർന്നിരിക്കുന്നു. ഇത് സ്വാഭാവികമായി ലോകത്തിലെ ഉന്നതന്മാരെ വിടാതെ പിന്തുടരുന്ന അവസ്ഥയിലേക്ക് കൊണ്ടെത്തിക്കുന്നു, എളുപ്പമുള്ള മതം ആഗ്രഹിക്കുന്നവർക്കു ഒരു അഭയസ്ഥാനം. അത് ആളുകളെ പാപത്തിൽ രസിക്കുവാൻ അവസരം ഒരുക്കുകയും അതേസമയം തന്നെ പേരിൽ ആത്മീയരായിരിപ്പാനും കഴിയുന്നു, അവിടെ കാര്യങ്ങൾ സ്വതന്ത്രവും എളുപ്പവുമാണ്. വളരെ കാര്യങ്ങൾ ചെയ്യാനുണ്ട് എന്ന പ്രതീക്ഷ. അവിടെയില്ല, കൂടുതൽ കൊടുക്കുവാനോ, പ്രാർത്ഥിക്കുവാനോ ഭക്തനായിരിക്കുവാനോ പ്രത്യേക ആവശ്യമില്ല. പൂർണ്ണമായും പാപത്തെ പ്രോത്സാഹിപ്പിക്കുന്നു, ദൈവഭക്തിയെ അവിടെ ആവശ്യപ്പെടുന്നില്ല.

ഇപ്രകാരമുള്ള മടിമനുഷ്യനെ പൂർണ്ണ സ്വയസംതൃപ്തിയിലേക്ക് കൊണ്ടെത്തിക്കുന്നു. ആളുകൾ ദു:ഖിക്കേണ്ടിയിടത്തു സന്തോഷിക്കുന്നു. തീവ്രമായി ദു:ഖിക്കേണ്ട സ്ഥാനത്ത് വിജയത്തിന്റെ പൊങ്ങച്ചം കാണിക്കുന്നു. ഞങ്ങൾ സമ്പന്നരായിരിക്കുന്നു, ഞങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നു, ഞങ്ങളുടെ സ്കൂളുകളെ ഞങ്ങൾ വലുതാക്കുന്നു. എല്ലാ നിലയിലും ഞങ്ങൾ വളരുന്നു, ഞങ്ങൾക്ക് ഒന്നിന്റെയും ആവശ്യമില്ല..... എന്നാൽ അവരുടെ ആത്മിക നിലവാരം ഭീകരമാണ്. ഇത് സഭയുടെ ദു:ഖകരമായ അവസ്ഥയാണ്. ആത്മീയ പാപ്പരത്തവും അഹങ്കാരവും പിന്മാറ്റാവസ്ഥയെക്കുറിച്ച് കരയുന്ന സഭ, തന്റെ കുറവുകളെയോർത്തു കരയുന്ന സഭ, ദൈവത്തിന് വേണ്ടി എനിക്ക് എന്തു ചെയ്യുവാൻ കഴിയും എന്ന് ചിന്തിക്കുന്ന സഭ. ഇങ്ങനെയുള്ള സഭയെ ദൈവം അനുഗ്രഹിക്കും. എന്നാൽ മറ്റുള്ളവരെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്ന സഭ. ലോകത്തിന്റെ മുമ്പാകെ അവൻ സമ്പന്നനായിരുന്നാലും ദൈവത്തിന്റെ മുമ്പിൽ അവൻ അരിഷ്ടവും ദരിദ്രനുമാണ്. സത്യത്തെക്കുറിച്ച് ആഴമായ അറിവില്ല, ദൈവഭക്തിയുടെ ധനം അവർക്കില്ല. പകരം ഭൗതികജ്ഞാനവും പുറമേയുള്ള ഉയർച്ചകളുമാണ് അവർക്ക് പറയാനുള്ളത്. സകല സഭകളുടെയും ബലമായ രഹസ്യപ്രാർത്ഥന അവർക്കില്ല. ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽ അതി ദരിദ്രൻ, എന്നാൽ മതഭ്രാന്തൻ, പുറമേയുള്ള പ്രകടനങ്ങൾ മാത്രം, വ്യർത്ഥമായ പ്രകടനങ്ങൾ.

ലവോദിക്യയിലെ സഭ കർത്താവിൽ നിന്നു തെറ്റിവീണു പോയിരിക്കുന്നു. ഈ വേദഭാഗത്തിൽ യേശു പറയുന്നു, " ഞാൻ വാതിൽ ക്കൽ നിന്ന് മുട്ടുന്നു". ഇപ്പോൾ കർത്താവ് ആയിരിക്കുന്ന ഇടം സഭയ്ക്ക് സത്യമായി വളരുവാനുതകുന്ന ഇടമല്ല. നാം അവനോടുകൂടെ നടക്കുന്നുവെങ്കിൽ അവിടുന്ന് സഭയുടെ നടുവിലാണ് അവിടെ വസിക്കുന്നു, തന്നെത്താൻ തന്റെ ജനത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്നു. തന്റെ സാന്നിദ്ധ്യം സഭയുടെ ആരാധനകളിൽ നിറഞ്ഞ ആത്മശക്തിയും ജീവനും നൽകുന്നു. അവിടുന്ന് തന്റെ ദാസന്മാരെ മേശയിങ്കൽ അനുഗ്രഹിക്കുന്നു, കർത്താവിന്റെ ശരീരവും രക്തവും സഭയുടെ വലിയവിരുന്നായി മാറുന്നു. സഭയുടെ എല്ലാ നടപടികളിലും ദൈവശക്തി പകരപ്പെടുന്നു. ദൈവവചനം പുറത്തേയ്ക്ക് പോകുവാൻ കാരണമാവുന്നു. സത്യവിശുദ്ധന്മാർ കർത്താവിൽ വസിക്കുന്നു. അവിടുന്ന് അവരിൽ വസിക്കുന്നു. അതേ, സഹോദരന്മാരേ, കർത്താവ് സഭയിലുള്ളപ്പോൾ അത് ഒരു സന്തോഷമുള്ള സഭയാണ്, വിശുദ്ധ സഭയാണ്, ജയിക്കുന്ന സഭയാണ്. എന്നാൽ നാം അവിടുത്തെ ദു:ഖിപ്പിക്കുമ്പോൾ കർത്താവ് ഇങ്ങനെ പറയും അവർ മടങ്ങി വന്ന് എന്റെ മുഖം അന്വേഷിക്കുന്നതുവരെ ഞാൻ പോയി എന്റെ സ്ഥലത്ത് ഇരിക്കും. ദൈവത്തെ തടഞ്ഞു നിറുത്തി ദൈവത്തോട് നമുക്ക് പറയാം. ഞങ്ങളോടു കൂടെ വസിക്കണമേ, അവിടുന്ന് ഞങ്ങളുടെ സന്തോഷവും ജീവനുമാണ്, ഞങ്ങൾക്ക് എല്ലാറ്റിനും എല്ലാം അവിടുന്ന് മാത്രമാണ്. അവിടുത്തെ സാന്നിദ്ധ്യം ഞങ്ങളുടെ മഹത്വവും അവിടുത്തെ അസാന്നിദ്ധ്യം ഞങ്ങളുടെ ലജ്ജയുമത്രേ.

വലിയ ഒരു അപകടം

ആ അപകടത്തെക്കുറിച്ച് നമുക്കു ചിന്തിക്കാം. ഒന്നാമത്തെ അപകടം ക്രിസ് തുവിനെ ഉപേക്ഷിക്കുക എന്നതാണ്. കർത്താവ് പറയുന്നു "ഞാൻ എന്റെ വായിൽ നിന്നും നിങ്ങളെ ഉമിണ്ണുകളയും" തള്ളിക്കളയുന്നു, വെറുക്കുന്നു.

എന്താണ് അടുത്ത അപകടം? സഭ വീണു പോയിരിക്കുന്നു. തെറ്റിപ്പോയിരിക്കുന്നു. അതായത്, പരിതാപകരം, സന്തോഷമില്ല, ഭിന്നത, ദൈവസാന്നിദ്ധ്യമില്ല, അതുകൊണ്ട് ദൈവത്തിന്റെ വഴികളിലുള്ള സന്തോഷമില്ല, ആത്മീക ജീവനില്ല, ആത്മാവില്ല, ഉത്സാഹമില്ല, ഏകാന്തത, മത വിദ്വേഷം, ദൈവകൃപയില്ല, പ്രത്യാശയില്ല, അരിഷ്ടത.

അടുത്ത വാക്ക് ദരിദ്രൻ ഒരിക്കലുണ്ടായിരുന്ന സന്തോഷം ഇപ്പോഴില്ല, ഭയമില്ല, ഭയം മറ്റുള്ളവരെ ബഹുമാനിക്കാൻ സഹായിക്കുന്നു. കൂട്ടായ്മയിൽ ദരിദ്രൻ, സഭാകാര്യങ്ങളിൽ ദരിദ്രൻ, പ്രാർത്ഥനയിൽ ദരിദ്രൻ, കൃപാവരങ്ങളിൽ ദരിദ്രൻ, എല്ലാറ്റിലും ദാരിദ്ര്യം. ചിലർ സമ്പന്നരെന്ന് നടിക്കും. പക്ഷേ ശൂന്യരും, വ്യർത്ഥരും തള്ളപ്പെട്ടവരും, ക്രിസ്തുവില്ലാത്തവരും, ജീവനില്ലാത്തവരുമായിരിക്കും.

അടുത്തത് കുരുടൻ അവർക്ക് തങ്ങളെത്തന്നെ മനസിലാക്കാൻ കഴിയുന്നില്ല, അയൽക്കാർക്ക് നന്മ ചെയ്യാൻ കഴിയുന്നില്ല, കർത്താവിന്റെ വരവിന്റെ പ്രത്യാശയില്ല, ദൈവമഹത്വം കാണാനുള്ള കാഴ്ച ശക്തിയില്ല.

ഏറ്റവും ഒടുവിലായി, അവർ നഗ്നരാണ്, അവരുടെ നഗ്നത മറ്റുള്ളവർ കാണുന്നു, മറ്റുള്ളവരിൽ അവർ ഒരു സംസാരവിഷയമാണ്. ഒരുവൻ പറയുന്നു, അതിനെ സഭയെന്ന് വിളിക്കൂ. മറ്റൊരുവൻ ചോദിക്കുന്നു, അതിനെ ക്രിസ്തുവിന്റെ സഭയെന്ന് വിളിക്കുവാൻ കഴിയുമോ? വാഗ്ദത്തം ചെയ്യപ്പെട്ട കിരീടം സംബന്ധിച്ച് അവർ പരാജയപ്പെട്ടിരിക്കുന്നു. പൗലൊസ് പറയുന്നത് "നിങ്ങൾ നന്നായി ഓടിയിരുന്നു സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ ആർ തടുത്തുകളഞ്ഞു" (ഗലാ. 5:7). സഭയ്ക്ക് നല്ല അവസരം കിട്ടിയിരുന്നു. അത് തുല്യം പറയാൻ കഴിയാത്തതായിരുന്നു. അതിലെ അംഗങ്ങൾ വലിയ വേലയ്ക്കു വേണ്ടി ജനിച്ചവരാണ്, എന്നാൽ എത്ര മാത്രം അവർ പരാജയപ്പെട്ടുവോ അത്രമാത്രം ദൈവം അവരെ ഉപേക്ഷിച്ചുകളഞ്ഞു.

പരിഹാരങ്ങൾ

ദൈവം നിർദ്ദേശിക്കുന്ന ചില പരിഹാരങ്ങളെക്കുറിച്ച് ഞാൻ സംസാരിക്കുന്നു. വിധിക്കപ്പെടാതിരിപ്പാൻ നിങ്ങളെത്തന്നെ വിധിപ്പിൻ. വ്യക്തിപരമായിട്ടാണ് എനിക്ക് സംസാരിപ്പാനുള്ളത്. നിങ്ങളെക്കുറിച്ച് സുതാര്യമായ വഴിയിലാണ് എനിക്ക് സംസാരിപ്പാനുള്ളത്, ചിലർ ശീതോഷ്ണാവസ്ഥയുടെ ലക്ഷണങ്ങൾ കാണിക്കുന്നു. ദൈവം അത് വെറുക്കുന്നു എന്ന് നിങ്ങളോടു പറഞ്ഞില്ലെങ്കിൽ നിങ്ങളോടു സ്തുതി പറയുന്നവനും അവിശ്വസ്തനുമായിത്തീരും.

ഒന്നാമത്തെ പരിഹാരം ശ്രദ്ധിക്കുക. യേശു സഭയുടെ ശരിയായ അവസ്ഥ വ്യക്തമാക്കുന്നു. അവിടുന്ന് പറയുന്നത്. നീ ശീതോഷ്ണവാനാണ്, നീ അരിഷ്ടനാണ്, നിർഭാഗ്യവാനാണ് ദരിദ്രനാണ്. കുരുടനാണ്. നഗ്നനാണ്. ആളുകൾ സത്യം അറിയുവാൻ ആഗ്രഹിക്കുമ്പോൾ ഞാൻ സന്തോഷിക്കുന്നു, എന്നാൽ മിക്കവരും സത്യം അറിയുവാൻ ഇഷ്ടപ്പെടുന്നി

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

ശീതോഷ്ണാവസ്ഥയെ സംബന്ധിച്ച് ശക്തമായ താക്കീത്

ല്ല, അത് ഒരു രോഗത്തിന്റെ ലക്ഷണമാണ്. ദൈവമുമ്പാകെ യോഗ്യനായിരിക്കുന്നവൻ താൻ എന്തായിരിക്കുന്നു, ആരായിരിക്കുന്നു എന്നുള്ളതിൽ നന്ദിയുള്ളവനാണ്. നാം യോഗ്യനായിരിക്കുന്നു എന്ന് നമുക്ക് തോന്നുന്നിടത്തോളം നന്മ പ്രാപിപ്പാൻ നമുക്ക് കഴികയില്ല. സ്വയ പുകഴ്ച അനുതാപത്തെ ഇല്ലാതാക്കുന്നു.

നമ്മുടെ കർത്താവിന്റെ അടുത്ത പരിഹാരം ബുദ്ധിയുപദേശമാണ്. അവിടുന്ന് പറയുന്നു. തീയിൽ ഊതിക്കഴിച്ച പൊന്ന് എന്നോടു വിലയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിയുപദേശിക്കുന്നു. സമാനമായ സന്ദേശം യെശയ്യാ പ്രവചനത്തിലും നാം കാണുന്നു. അല്ലയോ ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലത്താവരുമായുള്ളോരേ വെള്ളത്തിന് വരുവിൻ; വന്ന് വാങ്ങി തിന്നുവിൻ; നിങ്ങൾ വന്ന് ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ” (യെശ. 55:1). അങ്ങനെയെങ്കിൽ ഇത് പഠിപ്പിക്കുന്നത് ശീതോഷ്ണവാസ്ഥയുള്ള ഒരു പരിഹാരം എന്നത് നാം ആദ്യം തുടങ്ങിയ ഇടത്തു വന്ന് അതിനെ വീണ്ടും ആരംഭിക്ക എന്നതാണ്. നാം മാനസാന്തരപ്പെടുമ്പോൾ വളരെ എരിവുള്ളവരായിരുന്നു. എന്തു സന്തോഷം, എത്രസമാധാനം. എത്ര ആശ്വാസം, ദൈവത്തെ അറിഞ്ഞപ്പോൾ എത്ര ഉത്സാഹം, പൊന്നു ദൈവത്തോടു വിലയ്ക്കു വാങ്ങി, ഇപ്പോൾ അങ്ങനെയില്ല, നാം തിരികെ ചെന്ന് അതേ വില കൊടുത്ത് വീണ്ടും ആ പൊന്ന് വാങ്ങാം.

വരൂ, നമുക്കോരോരുത്തർക്കും വീണ്ടും ആരംഭിക്കാം. നാം വസ്ത്രം ധരിച്ചിരിക്കുന്നു. എത്രത്തോളം ചിന്തിക്കുമോ, അത്രത്തോളം നാം നഗ്നരാണ്. നമുക്ക് ദൈവത്തെ ബദ്ധപ്പെടുത്താം, തന്റെ സ്വന്ത വിലയിൽ, യഥാർത്ഥത്തിൽ അത് സൗജന്യമാണ്, തന്റെ സ്വന്ത നീതിയിൽ അവിടുന്ന് ഒരുക്കി തരുന്ന നസ്ത്രം നമുക്ക് കരസ്ഥമാക്കാം, പരിശുദ്ധാത്മാവിന്റെ ആ നല്ല വസ്ത്രം, അത് അവിടുത്തെ മനോഹരാരിതയോടുകൂടെ നമ്മെ ധരിപ്പിക്കും. അതെല്ലങ്കിൽ നമ്മുടെ കാഴ്ച മങ്ങും. അവിടുത്തെ മുഖം കാണാൻ കഴിയില്ല, വെളിപ്പെടുന്ന ദൈവത്തിന്റെ മഹത്വം കാണാൻ കഴിയില്ല, നിറഞ്ഞ കണ്ണുകളോടെ പാപികളെ കാണാൻ കഴിയില്ല, ഒരിക്കൽ നാം ചെയ്തതു പോലെ കർത്താവിനോടു അടുത്തു ചെന്ന് കണ്ണിനുള്ള ലേപം വിലയ്ക്ക് വാങ്ങാം, ഒരിക്കൽ നമ്മുടെ കണ്ണ് അടഞ്ഞിരുന്നപ്പോൾ അടുത്തു ചെന്ന് കാഴ്ച പ്രാപിച്ചതുപോലെ വീണ്ടും അടുത്തു ചെല്ലാം അവിടുന്ന് നമ്മുടെ കണ്ണു വീണ്ടും തുറക്കും. കഴിഞ്ഞ കാലങ്ങളിലെപ്പോലെ നാം അവിടുത്തെ മുഖത്തിന്റെ മഹത്വം വീണ്ടും കാണും. കർത്താവു പറയുന്നത് എന്നോട് അടുത്തു വരുവിൻ, എന്നിൽ നിന്ന്, അകന്നു പോയിരിക്കുന്നു എങ്കിൽ മടങ്ങി വരുവിൻ, നിങ്ങൾ എന്നപോലെ ഇപ്പോഴും എന്റെ ഹൃദയം നിങ്ങളോടുകൂടെയിരിക്കുന്നു, എന്റെ സഹോദരന്മാരേ മടങ്ങിവരുവിൻ. നിങ്ങളുടെ ദോഷവഴികളെ ഏറ്റു പറയുവിൻ, എന്റെ പാപക്ഷമ പ്രാപിപ്പിൻ, നിങ്ങളുടെ ഹൃദയം എന്റെ മുമ്പിൽ ജ്വലിക്കട്ടെ. ഞാൻ നിങ്ങളെ ഇപ്പോഴും സ്നേഹിക്കുന്നു നിങ്ങളുടെ ആവശ്യങ്ങൾക്ക് ഞാൻ ഇപ്പോഴും മതിയായവനത്രേ. ഈ നല്ല ബുദ്ധിയുപദേശത്തെ നമുക്ക് സ്വീകരിക്കാം.

പിന്മാറ്റക്കാരായ സഭകൾക്കും വ്യക്തികൾക്കും ഉള്ള ശരിയായ പരിഹാരം എന്നത്, ക്രിസ്തുവിനോട് കൂട്ടായ്മ ആചരിക്ക എന്നതാണ്. ഇതാ അവിടുന്ന് പറയുന്നത്, “ ഞാൻ വാതിൽ ക്കൽ നിന്നു മുട്ടുന്നു ”. ഇത് ദൈവത്തിന്റെ സഭയ്ക്കുവേണ്ടിയുള്ളതാണ്, മാനസാന്തരപ്പെടാത്തവർക്കുള്ളതല്ല. ഇവിടെ ലവോദിക്യ സഭയ്ക്കുള്ളതാണ്. അവിടെ യേശു സഭയ്ക്കു പുറത്താണ്. ദയയില്ലാതെ പുറത്താക്കിയിരിക്കുന്നു. എന്നാൽ അവിടുന്ന് വളരെ ദൂരെ പോയിട്ടില്ല കർത്താവ് സഭയെ വളരെയധികം സ്നേഹിക്കുന്നു, അവിടുന്ന് തിരികെ വരുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവിടുന്ന് വാതിൽക്കൽ തന്നെ നിൽക്കുകയാണ്. കർത്താവ് വന്നല്ലാതെ സഭയ്ക്ക് ഉദ്ധാരമില്ല എന്ന് അവിടുന്ന് അറിയുന്നു, അവരെ അനുഗ്രഹിപ്പാൻ ആവിടുന്ന് ആഗ്രഹിക്കുന്നു, അതുകൊണ്ട് അവിടുന്ന് വാതിൽക്കൽ നിന്നും വീണ്ടും വീണ്ടും മുട്ടിക്കൊണ്ടിരിക്കുന്നു. അവിടുന്നു ഒരിക്കൽ മുട്ടി എന്നല്ല, അവിടുന്ന് നിന്ന് അനുഗ്രഹിക്കപ്പെട്ട പ്രസംഗങ്ങളാൽ ശ്രേഷ്ഠമായ കരുതലുകളാൽ, മനസാക്ഷിയെ ഉണർത്തുന്ന പ്രവൃത്തികളാൽ, ആത്മാവിന്റെ ഉണർവുകളാൽ മുട്ടിക്കൊണ്ടിരിക്കുന്നു. അവിടുന്ന് സംസാരിക്കുന്നു, തന്റെ സഭയെ ഉണർത്തുവാൻ ദൈവം തന്റെ പ്രവൃത്തികളെ തുടർച്ചയായി അയച്ചുകൊണ്ടിരിക്കുന്നു. അവിടുന്ന് സ്നേഹത്തോടെ മുട്ടുകയും അപ്പോൾ തന്നെ വായിൽ നിന്ന് ഉമിണ്ണുകളയും എന്ന് ഓർപ്പിക്കയും ചെയ്യുന്നു. കർത്താവിന് ഇങ്ങനെ പറയാമായിരുന്നു, ഞാൻ പോകുന്നു, ഇനി ഒരിക്കലും മടങ്ങി വരികയില്ല. അത് നീതിയുമാണ്. എന്നാൽ അവിടുന്ന് എത്ര കൃപയുള്ളവനാണ്. അവിടുന്ന് പറയുന്നത് ഞാൻ നിങ്ങളെ ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നില്ല; എന്റെ സാന്നിദ്ധ്യം നിങ്ങളിൽ നിന്നും ഞാൻ എടുത്തുമാറ്റി, എന്നാൽ ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. അതുകൊണ്ട് വാതിൽ ക്കൽ നിന്ന് മുട്ടുന്നു, നിങ്ങളുടെ ഹൃദയത്തിലേയ്ക്ക് വരുവാൻ ആഗ്രഹിക്കുന്നു.

നോക്കുക, അവിടുന്ന് നൽകുന്ന വാഗ്ദത്തം എത്ര ശ്രേഷ്ഠമേറിയതാണ്. അവിടുന്ന് വരും, വന്ന് നമ്മോടുകൂടെ അത്താഴം കഴിക്കും. അവിടുന്ന് നല്ല വിരുന്ന് നമുക്കായി ഒരുക്കും, നശിച്ചു പോകുന്ന എല്ലാവർക്കും വേണ്ടി സമൃദ്ധിയായി വിരന്നൊരുക്കുവാൻ അവിടുന്ന് അത്താഴം കഴിക്കും എങ്കിൽ നമ്മുടെ ശീതോഷ്ണാവസ്ഥ പൂർണ്ണമായി മാറും. യേശു ഉള്ള ഇടത്ത് ആളുകളുടെ ഹൃദയം കത്തികൊണ്ടിരിക്കും. ആത്മാവിൽ ചുടുപിടിച്ച വിശ്വാസിയോടു ചോദിക്കാം എങ്ങനെയാണ് നിങ്ങൾക്ക് ഈ ചൂടുണ്ടായിരിക്കുന്നത്? അവരുടെ മറുപടി ഇങ്ങനെയായിരിക്കും ഞാൻ യേശുവിനോടുകൂടെയാണ് യേശുവിൽ നിന്നും ഞാൻ പഠിക്കുന്നു.

ഇപ്പോൾ പ്രിയ സഹോദരീ സഹോദരന്മാരേ ഈ ഏറ്റവും ഒടുവിലത്തെ ഔഷധം സ്വീകരിപ്പാൻ നിങ്ങൾക്ക് കഴിയുമോ? ഞാൻ നിങ്ങളെ അതിനായി നിർബന്ധിക്കുന്നു.

ഓരോരുത്തനും അടുത്തു വരട്ടെ

ഇത് എന്റെ സമാപന വാക്കുകൾ, ഇങ്ങനെ ചിലത് നമുക്ക് ചെയ്യുവാനുണ്ട്. നമുക്ക് നമ്മെ പരിശോധിക്കാം. കൃപയിൽ നിന്നും തെറ്റിപ്പോയിരിക്കുന്നു എങ്കിൽ നമുക്കു ഏറ്റുപറയാം. എന്നിട്ട് സഭയെ നന്നാക്കാൻ നാം ശ്രമിക്കണ്ട, ഓരോരുത്തരുടെ മേലും ദൈവകൃപ വെളിപ്പെടേണ്ടതിന് പ്രാർത്ഥിക്കാം. വേദഭാഗം, സഭ വാതിൽ തുറക്കട്ടെ എന്ന് പറയുന്നില്ല, എന്നാൽ, ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ എന്നാണ് സംസാരിക്കുന്നത്. അത് വ്യക്തിപരമാണ്. ഓരോ വ്യക്തിയും നന്നാവുമ്പോഴാണ് സഭ നന്നാവുന്നത്. നമുക്ക് ഓരോരുത്തർക്കും തീക്ഷ്ണതയിലേക്കും ദൈവസ്നേഹത്തിലേക്കും കർത്താവിന്റെ വേലയിലേക്കും മടങ്ങി വരാം. എന്നിട്ട് നാം അവിടുത്തെ ശാസനകളെ ശ്രദ്ധിക്കും, അവിടുത്തെ കരങ്ങളിൽ വീഴും, എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ എന്ന് നിലവിളിക്കും. അതല്ലേ തോമസ് ചെയ്തത്. അവന്റെ

(ശേഷം 8-ാംപേജിൽ)

(7-ാം പേജിന്റെ തുടർച്ച)

ശീതോഷ്ണാവസ്ഥയെ സംബന്ധിച്ച് ശക്തമായ താക്കീത്

വിരൽ യേശുവിന്റെ ആണിപ്പഴുതിലേയ്ക്ക് ഇട്ടു, വിശ്വസിച്ചു. പാവപ്പെട്ട അവിശ്വാസിയായ തോമസ്, തോ മസ് മാത്രമേ അങ്ങനെ ചെയ്തുള്ളൂ, എന്നിട്ട് വിശ്വാസികളിൽ ഏറ്റവും ശ്രേഷ്ഠനായി മാറി എന്നിട്ട് പറയുകയാണ്, എന്റെ കർത്താവും ദൈവവുമായുള്ളോവേ (യോഹ. 20:28). നാം ദിവസവും കർത്താവുമായി കൂട്ടായ്മ ആചരിക്കുന്നു എങ്കിൽ നാം ദൈവസ്നേഹത്തിൽ എരിഞ്ഞു ശോഭിക്കും. അവിടുത്തോടു അടുത്തുവരൂ. ഒരിക്കൽ നാം അഴിടുത്തോട് അടുത്തു വന്നു, ഒരിക്കലും അകന്നുപോകരുത്, ദൈവം നിങ്ങളെ അനുഗ്രഹിക്കും, പ്രിയ സഹോദരങ്ങളേ, അവിടുന്ന് നമ്മെ നിശ്ചയമായും അനുഗ്രഹിക്കും. ❖

(5-ാം പേജിന്റെ തുടർച്ച)

വിശ്വാസ വഴിയിലെ ദുർഘട സ്ഥലങ്ങൾ

വാനും പരീക്ഷകളും പരിശോധനകളും കാരണമാവുന്നു.

പ്രാർത്ഥന, സ്നേഹം, ദയ ധൈര്യം

ദുർഘടമേടുകൾ പ്രാർത്ഥിക്കുവാൻ നമ്മെ പഠിപ്പിക്കുന്നു, തനിയേ കൂടുതൽ സമയം ദൈവത്തോടുകൂടെ ചെലവിടുവാൻ നമ്മെ ഒരുക്കുന്നു. യാക്കോബിനു നേരിട്ട പരിശോധനകൾ യബ്ബോക്ക് കടവിൽ മുട്ടിന്മേൽ നില്ക്കുവാൻ തന്നെ സഹായിച്ചു. (ഉല്പ. 32:22-32). ദാവീദിന്റെ ജീവിതത്തിലുള്ള പരീക്ഷകൾ " അത്യുന്നതന്റെ മറവിൻ" (സങ്കീ. 91:1) ആശ്രയിപ്പാൻ തന്നെ സഹായിച്ചു. പൗലൊസിന്റെ ജീവിതത്തിലെ പ്രതിസന്ധികൾ തന്റെ കർത്താവിന്റെ സാന്നിദ്ധ്യത്തിൽ ഇടവിടാതെ ആശ്രയം വയ്ക്കുവാൻ തന്നെ സഹായിച്ചു. അവ നമ്മെ ശക്തീകരിക്കയും പരിപാലിക്കയും ചെയ്യുന്നു എന്ന് മനസിലാക്കുകയും ജീവിതത്തിന്റെ ഉറവിടവും പരിഹാരവുമെല്ലാം ദൈവത്തിൽ മാത്രമെന്ന് പഠിപ്പിക്കയും ചെയ്യുന്നു. കഷ്ടതയിലും ആവശ്യങ്ങളിലും തന്റെ മക്കൾ ദൈവത്തിൽ ആശ്രയിപ്പാൻ പ്രാപ്തരായിത്തീരുന്നു എന്നത് ഒരു സത്യമാണ്. എന്നാൽ ദു:ഖകരമായ കാര്യം എന്നത് പല പ്പോഴും അനുകൂലമായ സാഹചര്യങ്ങളും സുഖപ്രദമായ ജീവിതവും ദൈവത്തിൽ നിന്നും പകുതി സ്വാതന്ത്ര്യമുള്ളവരായിത്തീരുന്നു. നമ്മുടെ ആത്മിക ജീവിതത്തിന്റെ പ്രധാന ഘട്ടങ്ങളിൽ ദൈവത്തിന്റെ സാന്നിദ്ധ്യം നമുക്ക് ഏറ്റവും സമീപമായി വരുന്നു. അപ്പോൾ നാം പറയും " ഞാൻ നിന്റെ ദയയിൽ ആനന്ദിച്ചു സന്തോഷിക്കുന്നു, നീ എന്റെ അരിഷ്ടതയെ കണ്ടു എന്റെ പ്രാണ സങ്കടങ്ങളെ അറിഞ്ഞിരിക്കുന്നു " (സങ്കീ. 31:7).

ദൈവകൃപയുടെയും ശക്തിയുടെയും പരിണതഫലമായ പാഠങ്ങൾ

ദുർഘടമേടുകൾ ആത്മിക ജീവിതത്തിന്റെ പരിണതഫലങ്ങൾ രുചിച്ചറിയുവാനും മറ്റുള്ളവരെ സഹായിപ്പാനും ദൈവത്തിന് കൂടുതൽ മഹത്വം കൊടുക്കുവാനും നമ്മെ സഹായിക്കുന്നു. ദൈവം തന്റെ മക്കളെ എങ്ങനെ സഹായിക്കുന്നു എന്ന് കാണിക്കുവാൻ ഇടയാവുന്നു. മറ്റുള്ളവർ പരാജയപ്പെടുന്ന സ്ഥാനത്ത് ക്രിസ്തുവിലുള്ള ജീവിതം ആസ്വദിക്കുവാൻ നമ്മെ സഹായിക്കുന്നു. നമ്മെ ദൂതന്മാർക്കും മനുഷ്യർക്കും ഒരു അത്ഭുതവിഷയമാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു, എല്ലാ സാഹചര്യങ്ങളിലും തന്റെ ജനത്തെ സഹായിക്കാൻ ദൈവത്തിന് കഴിയും എന്ന ഒരു മാതൃകയാക്കുവാൻ നമ്മെ സഹായിക്കുന്നു, ദൈവകൃപയുടെ ശക്തി പ്രായോഗികമാണ്; അത് പ്രകൃത്യാതീതമാണ്, ഏതു മനുഷ്യനും സ്വീകരിപ്പാൻ യോഗ്യമായതുമാണ്.

ദുർഘടമേടുകൾ നമ്മുടെ സ്വന്തം ജീവിതത്തിന്റെ അനുഭവങ്ങളിലൂടെ മറ്റുള്ളവരെ സഹായിപ്പാൻ നമ്മെ പ്രാപ്തരാക്കുന്നു. കഠിനവും പകയതയില്ലാത്തതുമായ ഹൃദയം കഷ്ടതയുള്ള ലോകത്തിൽ സുഖസൗകര്യങ്ങൾ അന്വേഷിക്കുന്നു. വേദനനിറഞ്ഞ യഥാർത്ഥ അനുഭവങ്ങൾ മറ്റുള്ളവരെ ആശ്വസിപ്പിക്കുവാനും, ബലപ്പെടുത്തുവാനും ആരാണ് നമ്മെ അയച്ചതെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാനും നമ്മെ സഹായിക്കുന്നൂ. അവർക്ക് സ്വന്തം അനുഭവത്തിലൂടെ പറയാൻ കഴിയുന്നത്, "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തേശുവിൽ പൂർണ്ണമായി തീർത്തു തരും " (ഫിലി. 4:19).

ദുർഘടമേടുകൾ, നമ്മുടെ കഷ്ടതകൾ യാഥാർത്ഥ്യമായിരിക്കുന്നതുപോലെ ക്രിസ് തുവിനെയും അത് യാഥാർത്ഥ്യമാക്കുന്നു. അവ ദൈവദൂതിന്റെ ഇടപെടലും അനുഗ്രഹങ്ങളും ഒത്തിണങ്ങി പ്രതിസന്ധികളിൽ മറ്റുള്ളവരെ സഹായിപ്പാൻ കഴിയുന്ന ദൈവത്തിന്റെ മുദ്രയുമാണത്. അതിനെ സഹിക്കുമ്പോൾ മറ്റുള്ളവർക്ക് വിടുതലായിത്തീരുന്ന ശക്തിയുള്ള അനുഭവമായി അത് രൂപാന്തരപ്പെടുന്നു.

അതുകൊണ്ട് ദൈവത്തിൽ നിന്നും വന്ന തന്റെ ദൂത് നമ്മുടെ കണ്ണുനീരിന്റെ അനുഭവത്തോടെ ക്രിസ്തു നമ്മൽ യാർത്ഥ്യമാവുമ്പോൾ നമ്മുടെ പ്രശ്നങ്ങളിൽ നമുക്കുണ്ടായ ഭീതിയും, നമ്മെ മൂടിക്കളയുവാൻ തയ്യാറെടുത്തു വന്ന ദു:ഖങ്ങളുടെ, പർ വ്വത സമമായി നമ്മുടെ മു മ്പിൽ ഉയർന്നു വന്ന പ്രതിസന്ധികളും അങ്ങനെ ജീവിതത്തിന്റെ മധുരിക്കുന്ന ഓർമ്മകളായി മാറുകയും, അവ ഉയരത്തിലേക്കുള്ള ചവിട്ടുപടികളായും ദിവ്യവും സ്വർഗ്ഗീയവുമായ സ്മാരകങ്ങളായി നിത്യമായി നിലനിൽക്കയും ചെയ്യുന്നു.

ദുർഘടമേടുകൾ നിത്യമായ കിരീടങ്ങൾ നമുക്ക് നേടിത്തരുന്നു. അത് വിജയത്തിന്റെയും പ്രതിഫലത്തിന്റെയും അവസരങ്ങളായി മാറുന്നു. ക്രിസ്തീയ പോരാളി വിജയത്തിന്റെ ഫലകവും ഒരിക്കലും നഷ്ടപ്പെട്ടു പോകാത്ത കിരീടവും പ്രാപിക്കുന്നു. ❖

(4-ാം പേജിന്റെ തുടർച്ച)

ആകുലവേളകളിൽ വിശ്വാസം

മായി വ്യക്തിപരമാണ്. അവൻ നിങ്ങൾക്കായി കരുതുന്നു. നമ്മുടെ കർത്താവ് അതിനെ വീണ്ടും ആവർത്തിക്കുന്നു. അതുകൊണ്ട് ഞാൻ നിങ്ങ tfmSv] dÞ p¶ X y "എന്ത് തിന്നും എന്തു കുടിക്കും എന്ന് നിങ്ങളുടെ ജീവനായിക്കൊണ്ടുംഎന്തു ഉടുക്കും എന്ന് ശരീരത്തിനായികൊണ്ടും വിചാരപ്പെടരുത്; ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനെക്കാൾ ശരീരവും വലുതല്ലയോ? ഈവകയൊക്കെയും ജാതികൾ അന്വേഷിക്കുന്നു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഇതൊക്കെയും നിങ്ങൾക്ക് ആവശ്യം എന്ന് അറിയുന്നുവല്ലോ " (മത്താ. 6:25,32). ക്രിസ്തു പറയുന്നത് എനിക്കും നിങ്ങൾക്കും സകല വിശുദ്ധന്മാർക്കും എപ്പോഴുമുള്ളതാണ് ദൈവത്തിന്റെ കരുതൽ, കാരണം ദൈവം സകല ചിന്താകുലവും എടുത്തുമാറ്റുന്നു.

എത്ര ശ്രേഷ്ഠമായിട്ടാണ് ദൈവത്തിന്റെ കരുതൽ വെളിപ്പെട്ടിരിക്കുന്നത്! മലകളിലെ പക്ഷികളെ ഒക്കെയും ഞാൻ അറിയുന്നു; വയലിലെ ജന്തുക്കളും എനിക്കുള്ളവ തന്നെ (സങ്കീ. 50:11). " ബാലസിംഹങ്ങൾ ഇരയ്ക്കായി അലറുന്നു; അവ ദൈവത്തോട് തങ്ങളുടെ ആഹാരം ചോദിക്കുന്നു " (സങ്കീ. 104:21). കാശിനു രണ്ട് കുരികിൽ വിൽക്കുന്നില്ലയോ അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവ് സമ്മതിക്കാതെ നിലത്തു വീഴുകയില്ല. എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ട ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ (മത്താ. 10:29-31). " നിന്റെ ഭാരം യഹോവയുടെ മേൽവെച്ചുകൊൾക അവൻ നിന്നെ പുലർത്തും; നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരു നാളും സമ്മതിക്കയില്ല " (സങ്കീ. 55:22). ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975